


**Chicago Knanaya Catholic Parish Bulletin**
**Sacred Heart Knanaya Catholic Church,** 611 Maple St., Maywood, IL 60153
**St. Mary's Knanaya Catholic Parish Unit,** 5212 W. Agatite Ave, Chicago, IL 60630
September 6, 2009, Vol. 4, Issue 50
All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm

# Welcome Back
# Religious Education Students & Staff

## Feast of St. Augustine



The first feast celebration of St. Augustine in our parish.
On Sunday September 6 at 10:00 A.M.
Message: Rev. Fr. Stephen Vettuvelil.

വി. ആഗസ്റ്റീനോസിന്റെ തിരുന്നാൾ സെപ്റ്റംബർ 6 ഞായറാഴ്ച രാവിലെ 10:00ന്
നമ്മുടെ ഇടവക പള്ളിയിൽ ആഘോഷിക്കുന്നതാണ്.
കരിങ്കുന്നത്തുനിന്നുള്ളവരാണ് പ്രസുദേന്തിമാർ.

## Contract Singed For Morton Grove Project



The property with building that we are planning to buy for or second church in Morton Grove. Signing of contract for purchase by Vicar Fr. Abraham Mutholath at the presence of some committee members. Collection has started for the payment of the project. Please contribute generously.



## PASTOR / VICAR

**Fr. Abraham Mutholathu Jacob**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***
**For a list of Voluntary Staff / upcoming events, visit:**
***www.knanayaregion.us/chicago/staff.htm***
***www.knanayaregion.us/chicago/calendar.htm***

## HOLY MASS

**SUNDAY 10:00 A.M.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago**
**ENGLISH MASS at 11:30 A.M. during Religious Education School days.**
**THURSDAY 7:00 P.M. Community Center**
**FRIDAY 7:00 P.M.**
**SATURDAY 10:00 A.M.**

## SYRO-MALANKARA MASS

**Third Sundays of the month at 8:30 A.M.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M.**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**

## ADORATION

**ALL: First Fridays after Mass.**
**YOUTH: First & Third Saturdays after Holy Mass.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

## PRAYER GROUP

**Sundays after 10:00 A.M. Mass.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

## LEGION OF MARY

**First and Third Saturdays after 10:00 A.M. Mass.**

## PARISH VOLUNTEERS' MEETING

**First Sunday after Holy Mass.**

**September 2009**

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | | | |

# Schedule of Events

### SATURDAY, SEPTEMBER 5, 2009
Holy Mass and Novena at Maywood at 10:00 A.M.
Adoration of Youth Prayer Group after 10:00 Holy Mass.

### SUNDAY, SEPTEMBER 6, 2009
ഏലിയാ-സ്ലീവാ-മൂശാകാലം ആരംഭിക്കുന്നു.

Feast Celebration of St. Augustine along with 10:00 A.M. Mass sponsored by parishioners from Karimkunnam.
Beginning of Religious Education Schools.
Blessing of students, teachers, and volunteers of both Religious Education Schools after Holy Mass at Maywood and OLV Church.
Blessing of new classrooms in the rectory.
Sacred Heart Religious Education Class after Holy Mass at Maywood.
Religious Education Teachers Training of St. Mary's Unit at OLV School from 2:30 P.M.
Religious Education Class of St. Mary's Parish Unit from 3:45 P.M. to 5:00 P.M.
Holy Mass at OLV at 5:30 P.M.

### TUESDAY, SEPTEMBER 8, 2009
മാതാവിന്റെ പിറവി തിരുന്നാൾ

### THURSDAY, SEPTEMBER 10, 2009
Holy Mass, Novena & Benediction at Community Center at 7:00 P.M.

### FRIDAY, SEPTEMBER 11, 2009
Holy Mass and Adoration at Maywood at 7:00 P.M.
St. Thomas Koodarayogam at the house of Chacko Chittalakkatt at 8:00 P.M.

### SATURDAY, SEPTEMBER 12, 2009
Holy Mass and Novena at Maywood at 10:00 A.M.

### SUNDAY, SEPTEMBER 13, 2009
Grandparents Day. Blessing of Grandparents after 10:00 A.M. and 5:30 Mass.
Religious Education Class at Maywood from 10:00 A.M.
Holy Mass at Maywood at 10:00 A.M.
Grandparents Day Celebration in the Hall at 11:30 A.M.
English Mass at 11:30 A.M.
Religious Education Class of St. Mary's Parish Unit from 3:45 P.M. to 5:00 P.M.
Holy Mass at OLV at 5:30 P.M.

### THURSDAY, SEPTEMBER 17, 2009
Holy Mass, Novena & Benediction at Community Center at 7:00 P.M.

### FRIDAY, SEPTEMBER 18, 2009
Holy Mass and Novena of St. Michael at Maywood at 7:00 P.M.
Little Flower Koodarayogam at the house of Cyril Kattapuram at 8:00 P.M.

### SATURDAY, SEPTEMBER 19, 2009
Holy Mass and Novena at Maywood at 10:00 A.M.
Adoration of Youth Prayer Group after 10:00 Holy Mass.

### SUNDAY, SEPTEMBER 20, 2009
Syro-Malankara Holy Mass at 8:30 A.M.
Religious Education Class at Maywood from 10:00 A.M.
Holy Mass at Maywood at 10:00 A.M.
English Mass at 11:30 A.M.



# വികാരിയുടെ സന്ദേശം

## നമ്മുടെ ഇടവകയെ വളർത്തിയ മതബോധന സ്കൂളുകൾ

എന്റെ പ്രിയ സഹോദരങ്ങളേ,

നാട്ടിലുള്ളവർക്ക വിചിത്രമായി തോന്നാവുന്നതാണ് മേൽ കൊടുത്തിരിക്കുന്ന ശീർഷകം. സാധാരണ ഗതിയിൽ മതബോധന സ്കൂളിനെ ഇടവക വളർത്തുമെന്നല്ലാതെ മതബോധന സ്കൂൾ എങ്ങനെയാണ് ഇടവകയെ വളർത്തുകയെന്നതു സ്വാഭാവിക ചോദ്യമാണ്. എന്നാൽ പ്രവാസി കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ഇടവക സ്ഥാപനത്തിനു നിദാനമാകുന്ന ആകർഷകത്വം മതബോധന സ്കൂളുകളാണെന്നതാണ് സത്യം. കത്തോലിക്കരായ നമുക്ക് അമേരിക്കയിൽ എവിടെയും സ്വന്തം വീടുകൾക്ക സമീപം കത്തോലിക്കാ ദൈവാലയങ്ങൾ ഉള്ളതിനാൽ സ്വന്തം റീത്തിൽ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുവാൻവേണ്ടി മൈലുകൾ യാത്രചെയ്ത് എല്ലാ വാരാന്ത്യങ്ങളിലും സ്വന്തം ഇടവക പള്ളികളിൽ പോകുവാൻ ആദ്യം മടിക്കും. അതിനാൽ ഇടവക രൂപീകരണം സ്വാഭാവികമായും പലർക്കും ആകർഷകമല്ല. ദൂരക്കൂടുതലിനോടൊപ്പം പണച്ചിലവും അതിനു കാരണമാണ്.

എന്നാൽ കുട്ടികളുള്ളവർ മക്കളെ നമ്മുടെ രീതിയിലും സ്വസമുദായത്തിലെ കുട്ടികളോടൊപ്പവും നമ്മുടെ മൂല്യങ്ങൾക്കനുസരിച്ചു പരിശീലിപ്പിക്കുവാൻ സ്വാഭാവികമായും താല്പര്യപ്പെടുന്നു. അതാണ് നമ്മുടെ മിഷനുകളുടെ സ്ഥാപനത്തിനും വികസനത്തിനും, പള്ളിവാങ്ങി ഇടവകയായി വളരുന്നതിനും കാരണമാകുന്നത്. അങ്ങനെ സ്വന്തം പള്ളിയിൽ വന്നു ശീലമാകുമ്പോൾ അവിടെതന്നെ തുടർന്ന് അവർ വരികയും ചെയ്യും. അപ്പോൾ അതിനു വേണ്ട പണചിലവ് നഷ്ടമായല്ല അത്യാവശ്യമായാണ് അനുഭവപ്പെടുക. മത ബോധന സ്കൂൾ ഉള്ളപ്പോഴാണ് നമുക്ക് കൂടുതൽ ആളുകൾ പള്ളിയിൽ വരുന്നത്. അതിനാൽ നമ്മുടെ ഇടവക നമ്മുടെ മതബോധന സ്കൂളുകളോട് ഏറെ കടപ്പെട്ടിരിക്കുന്നു.

ഈ ഞായറാഴ്ച നമ്മുടെ രണ്ടു മതബോധന സ്കൂളും പുനഃരാരംഭിക്കുകയാണല്ലോ. മുൻ പതിവുപോലെ മേവുഡ് പള്ളിയിൽ അടുത്ത ഞായറാഴ്ച (സെപ്റ്റംബർ 13) മുതൽ ഞായറാഴ്ചകളിൽ രാവിലെ 11:30ന് കുട്ടികൾക്കും യുവജനങ്ങൾക്കുംവേണ്ടി സീറോ-മലബാർ ഇംഗ്ലീഷ് കുർബ്ബാനയും ഉണ്ടായിരിക്കും. നമ്മുടെ കുട്ടികൾ സീറോ-മലബാർ ഇംഗ്ലീഷ് കുർബാന ശീലിക്കേണ്ടത് വളരുന്ന തലമുറ നമ്മുടെ സഭയോടു താല്പര്യമുള്ളവരായി വളരുന്നതിനും, അങ്ങനെ അമേരിക്കയിൽ നമ്മുടെ ആരാധനാക്രമത്തിന്റെ നിലനില്പിനും ആവശ്യമാണ്.

പാപബോധത്തിലും പശ്ചാത്താപത്തിലും അനുരഞ്ജനത്തിലും നമ്മളും കുട്ടികളും വളരുന്നതിന് അനുരഞ്ജന കൂദാശയുള്ള അവസരം കൂടുതലായി ഉണ്ടാകണമെന്ന ആഗ്രഹം പലരും പ്രകടിപ്പിച്ചതിൽ സന്തോഷമുണ്ട്. അതിനാൽ അടുത്ത ഞായറാഴ്ച മുതൽ മേവുഡിലും ഒന്നിടവിട്ട ഞായറാഴ്ചകളിൽ ഓ.എൽ.വി.യിലും കുട്ടികളെയും മുതിർന്നവരെയും കുമ്പസാരിപ്പിക്കുന്നതിന് റവ. ഫാ. വിത്സൺ ജോസഫിന്റെ സേവനവും പ്രയോജനപ്പെടുത്തുന്നതാണ്.

നാട്ടിലെ മതബോധന പരിശീലനത്തിൽനിന്നു വ്യത്യസ്ത സാഹചര്യമാണല്ലോ നമുക്ക് ഇവിടെയുള്ളത്. അവിടെ കുട്ടികൾ സ്വയം പള്ളിയിൽ നടന്നു പോയിവരുന്നതിനാൽ മാതാപിതാക്കൾ അവർക്ക റൈഡു കൊടുക്കുകയോ അവരുടെ ക്ലാസ്സുകൾ കഴിയുന്നതുവരെ പള്ളിയിൽ കാത്തു നില്ക്കുകയോ വേണ്ട. എന്നാൽ ഇവിടെ അതിവിദൂര സ്ഥലങ്ങളിൽനിന്നുപോലും കുട്ടികളുമായി പള്ളിയിൽ വരികയും, മതബോധന സ്കൂളിന്റെ ചെലവു വഹിക്കുവാൻ ഫീസു നല്കുകയും, അവരുടെ ക്ലാസ്സും കുർബാനയും കഴിയുന്നതുവരെ ക്ഷമയോടെ സഹകരിക്കുകയും ചെയ്യുന്ന മാതാപിതാക്കളെ അഭിനന്ദിക്കുന്നു. നിങ്ങൾ ചെയ്യുന്ന ഈ വലിയ ത്യാഗത്തിന്റെ പ്രതിഫലം നിങ്ങളുടെ കുട്ടികളുടെ മെച്ചപ്പെട്ട സ്വഭാവ രൂപീകരണത്തിലൂടെ ഇപ്പോഴും ഭാവിയിലും ലഭിക്കുമെന്നതിൽ സംശയം വേണ്ട.

നാട്ടിലേക്കാൾ ഇവിടെ നമ്മുടെ പള്ളിയിലെ മതബോധന പരിശീലനത്തിനു പ്രത്യേക പ്രസക്തിയുണ്ട്. നാട്ടിലെ കുട്ടികൾ നമ്മുടെ സമുദായാംഗങ്ങൾക്കിടയിൽ വളരുകയും പതിവായി നമ്മുടെതന്നെ പള്ളികളിലും സ്കൂളുകളിലും പരിശീലനം നേടുകയും ചെയ്യുന്നതിനാൽ അവർ സ്വാഭാവികമായും ക്നാനായ കത്തോലിക്കാ സംസ്കാരത്തിലാണു വളരുന്നത്. എന്നാൽ ഇവിടെ നമ്മുടെ കുട്ടികൾ വളരുന്നത് അമേരിക്കൻ പശ്ചാത്തലത്തിലും പരിശീലി പ്പിക്കപ്പെടുന്നത് അമേരിക്കൻ സ്കൂളുകളിലുമായതിനാൽ അവരിൽ നമ്മുടേതായ ക്നാനായ കത്തോലിക്കാ സംസ്കാരം ഉൾചേരണമെങ്കിൽ നാം മനപൂർവ്വം ആ പശ്ചാത്തലം ഒരുക്കണം. അതിനാലാണ് ധനവും അദ്ധ്വാനവും ഏറിയാലും നാം അതിനു തുനിയു ന്നത്.

കുട്ടികളെ നമ്മുടെതന്നെ മതബോധന സ്കൂളുകളിൽ പരിശീലിപ്പിക്കുന്നതിന് അത്യദ്ധ്വാനം ചെയ്യുന്ന മതാദ്ധ്യാപകരും സന്നദ്ധസേവകരും പ്രത്യേകം പ്രശംസ അർഹിക്കുന്നു. നാട്ടിലെ വിദ്യാഭ്യാസ സമ്പ്രദായത്തിൽനിന്നു വ്യത്യസ്തമായി പ്രവർത്തി പരിചയ പരിശീലനം കൂടി ഉള്ളതിനാൽ മതാദ്ധ്യാപകർ ധാരാളം പഠിക്കുകയും ഒരുങ്ങുകയും ചേയ്യേണ്ടതുണ്ട്. പരിശീലന പരിപാടികളിൽ പങ്കെടുത്ത്, സ്വയം പഠിച്ച്, മറ്റുള്ളവരെ പരിശീലിപ്പിക്കുവാൻ ത്യാഗോജ്ജ്വല സേവനം ചെയ്യുന്ന നമ്മുടെ മതാദ്ധ്യാപകരുടെയും

---

### നുറുങ്ങുവെട്ടം

"ചട്ടയിലെ ശീലം ചുടലവരെ." അതു നല്ല ശീലമാക്കിയാലല്ലെ ഭാവി ഭാസുരമാകു?



## FAMILY RENEWAL RETREAT

Considering the request of our youth and parents, we are organizing a two-day family renewal retreat with opportunity for spiritual counseling by THY KINGDOM COME TEAM at our church in Maywood on Saturday and Sunday October 3 and 4 from 9:00 A.M. to 8:00 P.M. Expected participants are all Religious Education staff and students of both schools from age 13 and their parents. Others are welcome. There is no registration fee. Donation is welcome to meet the travel and food expenses.



## YOUTH PRAYER GROUP STARTS ON SEPT. 5TH



As per the decision made after the last retreat for youth in our parish, we will have Youth Prayer Group with the Adoration of the Most Blessed Sacrament of Jesus on the first and third Saturdays of every month for one hour at our parish church in Maywood after 10:00 A.M. Mass. The first Youth Group Adoration will be on September 5, 2009. All are invited to take part in this great experience of God.

സന്നദ്ധ സേവകരുടെയും സേവനത്തെ അഭിനന്ദിക്കുകയും അവരുടെ ദൈവവിളിയ്ക്കനുസൃതമായ സമർപ്പണ ശുശ്രൂഷയ്ക്ക് മാതൃകാ മതാദ്ധ്യാപകനായ മിശിഹാ മാർഗ്ഗദർശിയായിരിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നമ്മുടെ രണ്ടാമത്തെ ദൈവാലയം ഉടൻ വാങ്ങുന്നുണ്ടെങ്കിലും അതിന്റെ കൂദാശാകർമ്മം 2010 ജൂലൈ മദ്ധ്യത്തിൽ കോട്ടയത്തുനിന്നുള്ള നമ്മുടെ അഭിവന്ദ്യ പിതാക്കന്മാർ കെ.സി.സി.എൻ.എ. കൺവെൻഷനു വരുമ്പോൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. അതിനാൽ ഈ വർഷം സെന്റ് മേരീസ് സ്കൂളിന്റെ ക്ലാസ്സുകൾ ഓ.എൽ.വി. പള്ളിയിൽ തന്നെ മുൻവർഷങ്ങളിലേതു പോലെ തുടരുന്നതാണ്. അടുത്ത അദ്ധ്യയന വർഷം മുതലായിരിക്കും മോർട്ടൻ ഗ്രോവിൽ സെന്റ് മേരീസ് മതബോധന സ്കൂൾ പതിവായി നടത്തുന്നത്.

നമ്മുടെ മതാദ്ധ്യാപകരുടെ ക്ലേശത്തെ വർദ്ധിപ്പിക്കാതെ ഏവരും അവരോടു, പ്രത്യേകിച്ച് ഡി.ആർ.ഈ.മാരോട്, ആത്മാർത്ഥമായി സഹകരിക്കുകയും അവർക്കു വേണ്ട പിൻതുണയും പ്രോത്സാഹനവും നല്കുകയും ചെയ്യണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ഒത്തിരി സ്നേഹത്തോടെ,

ഫാ. ഏബ്രഹാം മുത്തോലത്ത്

## THANKS TO KCS

Thanks to KCS and its executive for extending their support for our church project in Morton Grove. Let all the Knanaya Catholics in Chicago work together for this important project. We will sure win this as a team.

Please support the finance committee and encourage them as they visit your houses for fund raising. Please bring your donation to the church.

- Fr. Abraham Mutholath

## Prayer To The Blessed Virgin

(Never known to fail)

Oh most beautiful flower of Mount Carmel, fruitful vine, splendor of heaven, Blessed Mother of the Son of God, Immaculate Virgin, assist me in my necessity. Oh, Star of the Sea, help me shown herein, You are my mother. Oh, Holy Mary, Mother of God, Queen of Heaven & Earth I humbly beseech You from the bottom of my heart to support me in the necessity. There are none that can withstand Your power. Oh, show me herein You are my mother. Oh Mary conceived without sin, pray for us who have recourse to Thee. Holy Mother, I place this cause in Your hands (3 times).

Holy Spirit, You solve all problems, light all roads so that I can attain my goal. You who have given me the divine gift to forgive & forget all evil against me and that in all instances in my life You are with me. I want in this short prayer to confirm that I never want to be separated from You in eternal glory. Thank You for your mercy towards me and mine.

This prayer must be published after the favor is granted. - V.M.

Inserted by: Rosan Pathiyil

## WEDDING BANNS

© J. S. Paluch Co., Inc.

Jose Joseph son of Mathai and Ammani Kallidukkil (Manjoor Makudalayam) with Tesni Joseph daughter of Thomas and Elsie Idiyalil (Koodalloor) both from this parish to be held on September 13, 2009 (3/3)

Thomas Ellampally son of Joseph and Katekutty Ellampally (Cherpunkal Kalloor) with Sonia Pullukat daughter of Thomas and Late Lisa (Kidangoor) both from this parish to be held on July 17, 2010 (3/3).

# സ്വപ്നങ്ങൾക്ക് നിറംപകരുന്ന മോർട്ടൻഗ്രോവ് പ്രോജക്ട്



സജി പൂതൃക്കയിൽ

സ്വപ്നങ്ങൾ ഏറെ കാണുന്നവരാണ് നാം. ചിക്കാഗോ ക്നാനായ സമുദായാംഗങ്ങളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ചയ്ക്ക് അനുയോജ്യമായ പ്രോജക്റ്റുകൾ പരിഗണനയിൽ വന്നപ്പോഴൊക്കെ നാം ഒത്തിരി ഒത്തിരി സ്വപ്നങ്ങൾ നെയ്തുകൂട്ടി. നമ്മുടെ സമഗ്ര വളർച്ചയെ ലക്ഷ്യമാക്കി 1993ൽ നാം സ്വന്തമാക്കിയ കമ്യൂണിറ്റി സെന്റർ ചിക്കാഗോയിലെ ആദ്യ ക്നാനായ തലമുറയുടെ സ്വപ്നസാക്ഷാൽക്കാരമായിരുന്നു. വീണ്ടും ദൈവാലയമെന്ന സ്വപ്നത്തിന്റെ പൂർത്തീകരണത്തിനായി 2006ൽ നാം സ്വന്തമാക്കിയ മേവുഡ് പള്ളി ചുരുങ്ങിയ കാലംകൊണ്ട് അമേരിക്കയിലെമ്പാടും ശ്രദ്ധ ആകർഷിച്ചു കഴിഞ്ഞു. 2007ൽ നാം സ്വന്തമാക്കിയ ഹോഫ്മാൻ എസ്റ്റേറ്റിലും ഭാവിയിൽ വളരെ വികസനസാധ്യതകൾ നാം കാണുന്നു.

ഇതിനിടയിൽ നമ്മുടെ സ്വപ്നങ്ങൾക്ക് നിറം പകർന്നുകൊണ്ട് പല പ്രോജക്റ്റുകളും കടന്നുപോയി. നാം സ്വന്തമാക്കിയതും കടന്നുപോയതുമായ ഓരോ പദ്ധതിയ്ക്കും അതിന്റെ സമയത്തും സാഹചര്യങ്ങളിലും വളരെ പ്രാധാന്യമുണ്ടായിരുന്നു. ചിക്കാഗോയിലെ രണ്ടാമത്തെ ക്നാനായ ദൈവാലയത്തിനായി ആർലിങ്ടൺ ഹൈറ്റ്സിലെ കെട്ടിടം നമ്മുടെ സജീവപരിഗണനയിൽ ഇരിക്കുമ്പോഴാണ് സൗഹാർദ്ദത്തിന്റെ അരുണാഭ പരത്തിക്കൊണ്ട് മോർട്ടൻ ഗ്രോവ് പ്രോജക്റ്റ് കടന്നുവന്നത്. കുറവൊന്നുംതന്നെ ഇല്ലാത്ത മോർട്ടൻഗ്രോവ് പ്രോജക്ട് നമ്മുടെ ഐക്യത്തിനായി ദൈവം അയച്ച പദ്ധതിയാണ്. നാം നെയ്തുകൂട്ടിയ സ്വപ്നങ്ങളെ പൂർണ്ണമായി സാധൂകരിക്കുന്ന മോർട്ടൻ ഗ്രോവ് പ്രോജക്ട് നമ്മിൽ ഗൃഹാതുരത്വം ജനിപ്പിക്കുന്നു. വിശാലമായ പള്ളി, മനോഹരമായ ഹാൾ, സുരക്ഷിതത്വമുള്ള സ്കൂൾ, ആവശ്യത്തിന് പാർക്കിംഗ്, സുന്ദരമായ പുൽത്തകിടി, അടുത്തറിയാവുന്ന പ്രദേശം ഇവയെല്ലാം ഒത്തിണങ്ങുമ്പോൾ ഇത് നമുക്ക് സ്വന്തമാക്കണം എന്ന ചിന്ത ഓരോ ക്നാനായക്കാരനിലും ജനിക്കുന്നു.

ചിക്കാഗോയിലെ ക്നാനായക്കാർ കൂടുതലായി അധിവസിക്കുന്ന ഡെസ് പ്ലെയിൻസ്, ഗ്ലെൻവ്യൂ, നൈൽസ്, സ്കോക്കി, പാർക്ക് റിഡ്ജ്, മൗണ്ട് പ്രോസ്പെക്ട്, ആർലിങ്ടൺ ഹൈറ്റ്സ്, നോർത്ത് ബ്രൂക്ക്, ലിങ്കൺവുഡ് തുടങ്ങിയ സബേർബുകൾക്ക് മദ്ധ്യത്തിലാണ് നൂറിലധികം ക്നാനായ കുടുംബങ്ങൾ പാർക്കുന്ന മോർട്ടൻ ഗ്രോവ് ഗ്രാമം. ചിക്കാഗോ സിറ്റിയിലും, സൗത്ത് സൈഡിലും, വെസ്റ്റ് സൈഡിലും താമസിക്കുന്നവർക്കു വന്നെത്തുവാൻ അധികം ദൂരമില്ലാത്ത മോർട്ടൻ ഗ്രോവിൽ നാം ആരംഭിക്കുന്ന പുതിയ പദ്ധതി സൗഹാർദ്ദത്തിന്റെ പ്രതീകമായി മാറും എന്നതിൽ സംശയമില്ല.

നമ്മുടെ ഇടയിൽ പരസ്പരധാരണയും ഐക്യവും കൈവന്നിരിക്കുന്ന ഈ സുന്ദര സാഹചര്യത്തിൽ ഇനി നമുക്കാവശ്യം ചിക്കാഗോയിലെ ഓരോ ക്നാനായ കുടുംബത്തിന്റെയും അകമഴിഞ്ഞ സാമ്പത്തിക സഹകരണമാണ്. കൊച്ചുകുട്ടികൾ മുതൽ മുതിർന്നവർവരെ എല്ലാവർക്കും മോർട്ടൻ ഗ്രോവ് പ്രോജക്ടിന്റെ ഫലങ്ങൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുവാൻ സാധിക്കും. കുട്ടികൾക്കായി വേദപാഠ പരിശീലനം, യുവജനങ്ങൾക്കായി വിവിധ പദ്ധതികൾ, ഇടപ്രായക്കാർക്കായി ദിവസവും വൈകുന്നേരങ്ങളിലെ സൗഹൃദ കൂട്ടായ്മ, വിശ്രമ ജീവിതത്തിലേയ്ക്കു കടക്കുന്നവർക്കു ദിവസേന രാവിലെ കുർബ്ബാന, അങ്ങനെ കുടുംബത്തിലെ എല്ലാവർക്കും വർഷങ്ങളോളം ആവോളം ആസ്വദിച്ച് അനുഭവിക്കേണ്ട നമ്മുടെ സ്വന്തം പ്രോജക്ടിനുവേണ്ടി കൈയ്യും മെയ്യും മറന്ന് സഹകരിക്കണം എന്ന് വിനയപുരസ്സരം അപേക്ഷിക്കുന്നു.

കോട്ടയം രൂപത 2010ൽ ശതാബ്ദി ആഘോഷങ്ങളിലേക്ക് പ്രവേശിക്കുകയാണ്. വിദേശക്നാനായക്കാരുടെ തറവാടായ ചിക്കാഗോയിൽ 2010ൽ തന്നെ രണ്ടാമത്തെ ക്നാനായ ദൈവാലയം കൂദാശ ചെയ്താൽ അതൊരു വലിയ ഭാഗ്യമായി നാം കരുതണം. ആ സൗഭാഗ്യത്തിനായി നമുക്ക് കൈകോർക്കാം. ചെറുപുഷ്പ മിഷൻലീഗിന്റെ പ്രഖ്യാപിത മുദ്രാവാക്യമായ "ത്യാഗം, സ്നേഹം, സേവനം, സഹനം" എന്നിവ നമുക്ക് മുഖമുദ്രയായി എടുക്കാം. നാം സ്വപ്നം കാണുന്ന ലക്ഷ്യത്തിനായി അനുഗ്രഹ പൂമഴ ചൊരിയുവാൻ ഈ പള്ളിയുടെ മദ്ധ്യസ്ഥയായ പരിശുദ്ധ അമ്മയോടു നമുക്കു പ്രാർത്ഥിക്കാം.

## DETAILS OF MORTON GROVE PROJECT

- ☆ One-story, masonry/frame constructed synagogue and school containing a total building area of 27,787 SF.
- ☆ It was built in 1961/73 and is currently occupied by Northwest Suburban Jewish Congregation.
- ☆ 98,127 SF or 2.25 acres.
- ☆ There is an additional 75,235 SF or 1.73 acres landsite which is leased from ComEd.
- ☆ Cost of property $2.7 million.
- ☆ Earnest Money $135,000
- ☆ Estimated Date of purchase: November 2009.
- ☆ The building will be leased to the current owner after purchase until the end of May 2010.
- ☆ We will remodel the synagogue as a church in June 2010.
- ☆ Estimated Date of Consecration is July 18, 2010.
- ☆ The school in the property is currently leased for a special school for an annual rent of $100,000. It might continue with a new lease agreement so we can also use it for our Religious Education School.
- ☆ 200 parking with annual rent of $2,660

# നമ്മുടെ രണ്ടാമത്തെ പള്ളി




പരിശുദ്ധ മാതാവിന്റെ നാമത്തിൽ മോർട്ടൻ ഗ്രോവിൽ നാം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന നമ്മുടെ രണ്ടാമത്തെ പള്ളിയ്ക്കു വേണ്ടി സംഭാവന സ്വീകരിച്ചു തുടങ്ങിയിരിക്കുന്നു.

നവംബർ മാസത്തിനകം ചുരുങ്ങിയത് ഒരു മില്യൺ ഡോളറെങ്കിലും സമാഹരിക്കേണ്ടതിനാൽ ഫണ്ട് റൈസിംഗ് കമ്മറ്റിക്കാർ നിങ്ങളെ സമീപിക്കുമ്പോൾ അവരെ സന്തോഷത്തോടെ സ്വീകരിക്കുകയും ഉദാരമായി സഹകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

ഫാ. ഏബ്രഹാം മുത്തോലത്ത്
വികാരി



Religious Education Teachers' Training held at our parish church for Sacred Heart School.

| READERS / LECTORS | ഏലിയാ-സ്ലീവാ-മൂശാ കാലങ്ങൾ | | | |
|---|---|---|---|---|
| September 6 | PASSAGE | MALAYALAM MASS | ENGLISH MASS | ST. MARY'S UNIT |
| 1st Reading | Isaiah 35:4-7a | Shibu Mulayanikunnel | NA | Jessica Chootuvelil |
| 2nd Reading | James 2:1-5 | Suja Kattapuram | NA | Tobin Meledom |
| Gospel | Mark 7:31-37 | Jesus makes the deaf hear and the mute speak. | | |
| September 13 | PASSAGE | MALAYALAM MASS | ENGLISH MASS | ST. MARY'S UNIT |
| 1st Reading | Isaiah 50:5-9a | James Vettikatt | Chinnu Vachachira | Tiffany Valliparampil |
| 2nd Reading | James 2:14-18 | Gigi Poothakari | Stephen Pallikkunnel | Jeffin Chollampel |
| Gospel | Mark 8:27-35 | Jesus asked his disciples, "Who do you say that I am?" | | |

## PROPOSED DATE OF FIRST HOLY COMMUNION IN 2010

Since some of our people are planning to participate in the consecration of Christ the Light Cathedral in the Diocese of Miao in Arunachal Pradesh, India, on May 2, 2010, we are planning to have the First Holy Communion of Sacred Heart School on April 24th Saturday at 3:30 P.M. and St. Mary's School on April 25th Sunday at 4:00 P.M.

## വല്യപ്പച്ചന്മാരുടെയും വല്യമ്മച്ചിമാരുടെയും ദിനം

അടുത്ത ഞായറാഴ്ച, സെപ്റ്റംബർ 13 ഗ്രാന്റ് പേരന്റ്സ് ഡേ പ്രമാണിച്ച് മേവുഡ് പള്ളിയിലും ഓ.എൽ.വി. പള്ളിയിലും വിശുദ്ധ കുർബാനയെ തുടർന്ന് വല്യപ്പച്ചന്മാരും വല്യമ്മച്ചിമാരും ആയവർക്ക് പ്രത്യേക ആശീർവാദം ഉണ്ടായിരിക്കും. മേവുഡ് പള്ളിയിൽ കുർബാനയെ തുടർന്ന് ഹാളിൽ പ്രത്യേക ആഘോഷ പരിപാടികൾ ഉണ്ടായിരിക്കും.

നമ്മുടെ കുടുംബങ്ങളെ പടുത്തുയർത്തി നമ്മെ നാമാക്കി മാറ്റുവാൻ അത്മാർപ്പണം ചെയ്ത നമ്മുടെ അപ്പച്ചനമ്മച്ചിമാരെ നമുക്ക് അവർ ജീവിച്ചിരിക്കുമ്പോൾ സ്നേഹാദരവുകൾനല്കി ആദരിക്കാം. ഈ പരിപാടികളിൽ പങ്കെടുക്കുവാൻ ഗ്രാന്റ് പേരന്റ്സ് ആയ എല്ലാവരെയും അതു വിജയിപ്പിക്കുവാൻ മറ്റെല്ലാവരെയും ക്ഷണിക്കുന്നു.

| OFFERINGS | Aug. 30 |
|---|---|
| St. Mary's Regular Offering | 104.00 |
| Building Fund for second church | 57,501.00 |
| **TOTAL ST. MARY'S UNIT** | **57,605.00** |
| Maywood Regular Offering | 1,959.00 |
| Building Fund | 1,025.00 |
| Agape Store for charity | 56.00 |
| **TOTAL AT MAYWOOD** | **3,040.00** |

**Please use envelopes. Thank you for your support.**

## Pre-Marriage Course

The next Marriage Preparation Course in our church will be held from October 23 to 25. Participants are also welcome from outside Chicago. Please register with the Family Commission of our Parish by contacting Tonny Pullappally at 630-205-5078.






Please support our advertisers who make this bulletin possible.




YOU INVITE THE GUESTS, WE DO THE REST

**Malabar**
Catering & Carry-out

**Professional with 11 years experience in catering.**
Call
**WILLIAM GEORGE**
911 Greenwood Road,
Glenview, IL 60025
Tel: 847-998-5635
Cell 773-842-5179
E-mail:
malabarcat@yahoo.com

**For All Your Tax Services**

**Free Electronic Filing & Fast Refund**
**Sabu Madathiparambil**
**Cell: 847-276-7354**
**Off: 847-655-7472**
**1600 W. Dempster St., Suite 205**
(Opp. to Lutheran General Hospital)
**Park Ridge, IL 60068**
**sabuaphilip@hotmail.com**

**Loan Consultant**

PMSI
**Cell: 847-276-7354**
**Sabu Madathiparambil**
**Professional Mortgage Solutions Inc.**
**sabuaphilip@hotmail.com**
**Home: 847-918-0242**
EQUAL HOUSING LENDER
Illinois Residential Mortgage Licensee
Equal Housing Lender



**WALDEN CAR CARE CENTER**
***Auto Repair With Personal Care***
**ALEX THECCANAT**
**Mon-Fri 8AM SAT 8AM to 3PM**
**1601 East Algonquin Road**
**Schaumburg, (847) 397-2244**
**Cell: (847) 962-4153**
**Brakes, Tune up, Fuel Injection, Engine Performance, Tires-Balance, Computer Service, Transmissions & All Auto Works.**



*Your Rehab Specialists*
**Pro-Rehab Services, P.C.**
&
Choicecare Home Health, Inc.



CHOICE CARE Home Health Inc.
Palos Heights and Tinley Park
(708) 489 6PRS or (708) 489-0123
www.pro-rehabservices.com
www.choicecarehh.com
Best Compliments from the Mutholath Family

